>> കുറിപ്പുകൾ

● എ. മുഹമ്മദ് അസ്‌ലം

# ജാഗ്രതയോടെ പ്രവേശനത്തെ സമീപിക്കുക

പ്ലസ് വൺ പ്രവേശനത്തിനായി രൂപം കൊടുത്ത ഏകജാലക സംവിധാനത്തെ ഇത്രയേറെ വിവാദമാക്കുന്നത്, ഗൗരവമായ മറ്റു പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധ തിരിക്കാനേ ഉപകരിക്കുകയുള്ളൂ.

**പ്ലസ്** വൺ പ്രവേശനത്തിന് സർക്കാർ ഏർപ്പെടുത്തിയ ഏകജാലക സംവിധാനം വിവാദക്കുരുക്കിൽ പെട്ടിരിക്കുകയാണ്. ഏകജാലക സംവിധാനത്തിലൂടെ മെറിറ്റ് സീറ്റിലെ പ്രവേശനം സുതാര്യവും വിദ്യാർഥികൾക്ക് സൗകര്യപ്രദവുമായി മാറുമെന്നാണ് സർക്കാർവാദം. പല സ്കൂളുകളിലായി അപേക്ഷിച്ച് റാങ്ക് ലിസ്റ്റ് നോക്കി വിവിധ സ്കൂളുകളിൽ ഇന്റർവ്യൂവിന് പങ്കെടുക്കേണ്ട അവസ്ഥ മാറുമെന്നതാണ് ഏകജാലകത്തിന്റെ ഗുണമായി പറയുന്നത്. പ്രവേശനത്തിലെ കോഴയും അഴിമതിയും അവസാനിപ്പിക്കാൻ സംവിധാനം ഉപയോഗപ്രദമാകുമത്രെ. വിദ്യാർഥികളുടെ സ്കൂൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തെ തടയുമെന്നും അഡ്മിഷൻ നടത്താനുള്ള മാനേജ്മെന്റിന്റെ സ്വാതന്ത്ര്യത്തെ ഹനിക്കുമെന്നുമാണ് ഈ സംവിധാനത്തെ എതിർക്കുന്ന ക്രിസ്ത്യൻ മാനേജ്മെന്റുകളുടെ പക്ഷം.

ഈ സംവിധാനം പ്രഖ്യാപിച്ചതുമുതൽ വലിയ ചർച്ചയാക്കി മാറ്റാൻ പത്രമാധ്യമങ്ങൾ ശ്രമിച്ചിരുന്നു. സ്വാശ്രയ കോളേജ് പ്രശ്നത്തിൽ നടക്കുന്ന സർക്കാർ-ക്രൈസ്തവ മാനേജ്മെന്റ് വടംവലി ഈ വിഷയത്തിലും രൂക്ഷമായി നടക്കുന്നുണ്ട്. ഇതുസംബന്ധിച്ച് ചങ്ങനാശേരി അതിരൂപതയും ഇടുക്കി രൂപതയും സ്കൂൾ മാനേജർമാരും നൽകിയ പരാതി കോടതി ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. വിധിവരുന്നതുവരെ തുടർ നടപടികളുണ്ടാകില്ലെന്ന് സർക്കാർ ഉറപ്പ് നൽകിയിട്ടുമുണ്ട്. ഈ വർഷം എസ്.എസ്.എൽ.സി പരീക്ഷയെഴുതി ഉപരിപഠനത്തിനർഹരായ മലബാർ മേഖലയിലെ മുക്കാൽ ലക്ഷത്തോളം വിദ്യാർഥികൾക്ക് ഹയർസെക്കന്ററി സീറ്റുകൾ ലഭ്യമല്ലെന്ന ഭീകരമായ അവസ്ഥ വേണ്ടവിധം ചർച്ചയാകുന്നില്ല. ബിരുദ, പി.ജി സീറ്റുകളിലും മലബാർ ഈ അവസ്ഥ നേരിടുന്നുണ്ട്. യൂനിവേഴ്സിറ്റികളുടെ പതിതാവസ്ഥയും സ്വാശ്രയ മേഖലയിലെ അനിശ്ചിതാവസ്ഥയും കോളേജുകളിലെ അധ്യാപകരുടെ കുറവും സംവരണ അട്ടിമറിയും ഉൾപ്പെടെ വിദ്യാഭ്യാസരംഗം പ്രശ്നസങ്കീർണമാണ്. ഉന്നതവിദ്യാഭ്യാസ രംഗത്തെ പരീക്ഷാരീതി, കോഴ്സ് ഘടന, കോളേജുകളുടെ ഘടന എന്നിവ പരിഷ്കരിക്കാനുള്ള നടപടികൾ മുന്നോട്ട് പൊയ്കൊണ്ടിരിക്കുകയുമാണ്. ഈ സാഹചര്യത്തിൽ പ്ലസ് വൺ പ്രവേശനത്തിനായി രൂപം കൊടുത്ത ഒരു സംവിധാനത്തെ ഇത്രയേറെ വിവാദമാക്കുന്നത്, ഗൗരവമായ മറ്റു പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധ തിരിക്കാനേ ഉപകരിക്കുകയുള്ളൂ.

ഏതെങ്കിലും കോഴ്സുകൾക്കുള്ള പ്രവേശനത്തിന് ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നത് കേരളത്തിൽ ആദ്യമല്ല. പ്രഫഷനൽ കോളേജ് പ്രവേശനത്തിനും ബി.എഡ് പ്രവേശനത്തിനും ഏകജാലക സംവിധാനം വിജയകരമായി നടപ്പാകുന്നുണ്ട്. ഇതിലൊന്നിലുമില്ലാത്ത വിവാദം പ്ലസ് വൺ പ്രവേശനത്തിനുള്ള ഏകജാലകത്തെ ചുറ്റിപറ്റി ഉണ്ടാക്കുന്നത് എന്തിനാണ്?

ഏകജാലക സംവിധാനത്തെക്കുറിച്ച് ഉയർത്തപ്പെട്ട ആശങ്കകൾ, വിദ്യാർഥികളുടെ അവകാശ പ്രശ്നത്തിനപ്പുറം സർക്കാറിനെ എതിരിടാൻ ശ്രമിക്കുന്ന മാനേജുമെന്റുകളുടെ അവകാശത്തെ സംബന്ധിച്ചാണെന്ന് പറയേണ്ടിവരും. മെറിറ്റ് സീറ്റുകളിൽ മാത്രമാണ് ഏകജാലക സംവിധാനം എന്നിരിക്കെ മാനേജ്മെന്റുകളുടെയും സമുദായങ്ങളുടെയും താൽപര്യങ്ങൾ അത്രകണ്ട് ഹനിക്കുമെന്ന് പറയാൻ വയ്യ. ഏറക്കുറെ വിദ്യാർഥികൾക്ക് സഹായകരമാണ് ഏകജാലകം. മെറിറ്റടിസ്ഥാനത്തിലാണ് പ്രവേശനം എന്നിരിക്കെ അനർഹരായ വിദ്യാർഥികൾക്ക് പ്രവേശനം ലഭിക്കാൻ സാധ്യതയില്ല. എയ്ഡഡ് സ്കൂളുകളിൽ അധ്യാപക പ്രവേശനം സംബന്ധിച്ച് മാനേജ്മെന്റ്-സർക്കാർ വടംവലിയുടെ ഭാഗമാണ് വിവാദം.

വിദ്യാർഥികൾക്ക് സ്കൂൾ തെര

ഞ്ഞെടുക്കാനുള്ള അവകാശം നഷ്ടപ്പെടുമെന്ന വാദത്തിലും കഴമ്പില്ല. കുട്ടികൾ നൽകുന്ന ഓപ്ഷന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നടത്തുന്നത്. താഴ്ന്ന ഓപ്ഷൻ ലഭിച്ച വിദ്യാർഥിക്ക് താൽക്കാലിക പ്രവേശനമാണ് നൽകുക. പ്രവേശനസമയത്ത് ഫീസ് ഈടാക്കുന്നുമില്ല. മികച്ച ഓപ്ഷൻ ലഭിച്ചാൽ അതിലേക്ക് മാറാവുന്നതും സ്ഥിരമായ പ്രവേശനം നേടാൻ കഴിയുന്നതുമാണ്. ഇത്തരത്തിൽ പ്രവേശനം ക്രമീകരിച്ചിരിക്കുന്നതിനാൽ സീറ്റിന്റെ ലഭ്യതയനുസരിച്ച് കുട്ടിക്ക് ഇഷ്ടമുള്ള സ്കൂളിൽ പ്രവേശനം നേടാം. അതേ സ്കൂളിൽ പഠിച്ച വിദ്യാർഥികൾക്ക് പ്രത്യേക ബോണസ് പോയിന്റ് ലഭിക്കുന്നതിനാൽ പോയിന്റ് നിലയിൽ തുല്യരായ വിദ്യാർഥികളിൽ അതേ സ്കൂളിലെ വിദ്യാർഥിക്ക് പ്രവേശനത്തിന് സാധ്യത കൂടുതലാവുകയും ചെയ്യും. ഒരേ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപറേഷൻ എന്നീ ഘടകങ്ങൾക്കും പോയിന്റുകൾ ഉള്ളതിനാൽ വിദ്യാർഥിയുടെ പ്രദേശത്തിന് മുൻഗണന ലഭിക്കും.

പ്രവേശനത്തിന് ധാരാളം സമയമെടുക്കും എന്നതാണ് മറ്റൊരു പ്രശ്നം. കഴിഞ്ഞവർഷം ഏകജാലക സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ തിരുവനന്തപുരം ജില്ലയിൽ നവംബർ മാസത്തിലാണ് പ്രവേശന പ്രക്രിയ പൂർത്തിയായത്. വൈകി പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് ഇത് പ്രശ്നം സൃഷ്ടിക്കും. ഈ വർഷത്തെ പ്രവേശനം ജൂലൈ പതിനഞ്ചോടെ പൂർത്തിയാക്കുമെന്നാണ് പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്നത്. പ്രവേശനത്തിന്റെ കാലദൈർഘ്യം കുറക്കാൻ സർക്കാർ ശ്രദ്ധിച്ചേ മതിയാവൂ.

വിവിധ വിഭാഗങ്ങൾക്കുള്ള സംവരണം പാലിക്കപ്പെടുമെന്നതാണ് ഏകജാലകത്തിന്റെ സവിശേഷത. മെറിറ്റ് സീറ്റിൽപോലും സംവരണം പാലിക്കാത്ത അവസ്ഥയുള്ളതിനാൽ ഇത് ആശ്വാസകരമാണ്. വിദ്യാർഥികൾക്ക് വെവ്വേറെ സ്കൂളുകളിൽനിന്ന് അപേക്ഷാഫോം വാങ്ങേണ്ട സാഹചര്യവും ഒരേ ദിവസം ഇന്റർവ്യൂവിന് പോകേണ്ട അവസ്ഥയും പരിഹരിക്കപ്പെടുമെന്നതാണ് മറ്റൊരു മെച്ചം. പ്രവേശനം ഏറക്കുറെ സുതാര്യമായിരിക്കും. വിദ്യാർഥികൾക്ക് അവർ നൽകിയ അപേക്ഷ പരിശോധിക്കാനും തിരുത്തലുകൾ വരുത്താനും അവസരമുണ്ട്. ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ പോലും ഓപ്ഷൻ ഒഴികെയുള്ളവ തിരുത്താം.

നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം പൂർത്തിയാക്കാനും പ്രവേശനത്തിൽ സുതാര്യത കൈവെടിയാതിരിക്കാനും സർക്കാർ ജാഗ്രത പുലർത്തണം. പി.ടി.എക്ക് സംഭാവന നൽകിയ കുട്ടികളുടെ വിവരവും തുകയും, സാമുദായിക ക്വാട്ടയിൽ പ്രവേശിച്ചവരുടെ ഗ്രേഡ് പോയിന്റുൾപ്പെടെയുള്ള വിവരങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുക തുടങ്ങിയ പ്രോസ്പെക്ടസിലെ നിർദേശങ്ങൾ പാലിക്കാൻ മാനേജ്മെന്റുകളും തയാറാവണം. ഏകജാലകം നടപ്പിലാക്കുമ്പോൾ തന്നെ മാനേജ്മെന്റ് സീറ്റുകളിലും സാമുദായിക ക്വാട്ടയിലും കോഴയുൾപ്പെടെയുള്ള തെറ്റായ കീഴ്‌വഴക്കങ്ങൾക്ക് സാധ്യത നിലനിൽക്കെ, വിദ്യാർഥി സംഘടനകളുടെയും പൊതുസമൂഹത്തിന്റെയും ജാഗ്രത്തായ നിരീക്ഷണം സുതാര്യമായ പ്രവേശനത്തിന് അനിവാര്യമാണ്. ■

*(എസ്.ഐ.ഒ സംസ്ഥാന സെക്രട്ടറിയാണ് ലേഖകൻ)*